**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2902** **28-02-2023 - ൽ മറുപടിയ്ക്ക്**

**പറശ്ശിനിക്കടവ് പാലം റീടാറിങ്ങ് ചെയ്യുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പറശ്ശിനിക്കടവ് പാലത്തിന്റെ റീടാറിങ്ങ് നടത്തുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | പഴശ്ശി ജലസേചന പദ്ധതിയിൽ “General – main canal –PyIP – providing wearing coat over Parassinikkadavu Aqueduct cum bridge at Ch. 42/500 km –General Civil Work” എന്ന പ്രവൃത്തിയ്ക്ക് 27/08/2022 തീയ്യതിയിലെ AS/59D/22/21684 ഉത്തരവ് പ്രകാരം പദ്ധതി വിഭാഗം-1, ചീഫ് എഞ്ചിനീയർ 45 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പാലത്തിന്റെ റീടാറിങ്ങിനായി ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | മേൽ പ്രവൃത്തിയ്ക്കായി 14/11/2022, 14/12/2022 എന്നീ തിയ്യതികളിൽ 2 തവണ ഇ-ടെണ്ടർ നടത്തിയെങ്കിലും കരാറുകാരിൽ നിന്ന് പ്രതികരണം ഉണ്ടായില്ല. തുടർന്ന് 28/12/2022 ന് മൂന്നാം തവണ നടത്തിയ ഇ-ടെണ്ടറിൽ 54.97% അധികരിച്ച നിരക്കിൽ ഒരു കരാറുകാരൻ പങ്കെടുത്തു. എന്നാൽ ക്വോട്ട് ചെയ്ത നിരക്ക് DSR + 10% ൽ അധികരിച്ചതിനാൽ ടെണ്ടർ അംഗീകരിച്ചില്ല. പിന്നീട് പാലത്തിന്റെ Hand rail, Kerb എന്നിവയ്ക്ക് കേടുപാടുകൾ ശ്രദ്ധയിൽപ്പെട്ട തിനാൽ പ്രസ്തുത പ്രവൃത്തികൾ കൂടി ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്യുകയും പുതുക്കിയ എസ്റ്റിമേറ്റ് തുകയായ 81 ലക്ഷം രൂപയ്ക്ക് പഴശ്ശി പദ്ധതിയുടെ 2022-23 പ്ലാൻ ശീർഷകത്തിൽ ഏറ്റെടുത്ത മറ്റു പ്രവൃത്തികളിൽ മിച്ചം വന്ന തുക (Tender Savings) ഉപയോഗപ്പെടുത്തി സാമ്പത്തികാ നുമതി നൽകാൻ അപേക്ഷിച്ചുകൊണ്ട് 23/02/2023ന് സൂപ്രണ്ടിംഗ് എഞ്ചിനീയർ, പ്രൊജക്റ്റ് സർക്കിൾ, കണ്ണൂർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പാലം അവസാനമായി ടാർ ചെയ്തത് ഏത് വർഷമാണ്; | (സി) | 2014-15 സാമ്പത്തിക വർഷമാണ് പ്രസ്തുത പാലം അവസാനമായി ടാർ ചെയ്തത് . |
| (ഡി) | പ്രസ്തുത പാലത്തിന്റെ റീടാറിങ്ങ് പ്രവൃത്തി അടിയന്തരമായി ആരംഭിക്കുന്നതിനും മൂന്ന് | (ഡി) | ആവശ്യമായ അനുമതികൾ ലഭ്യമാക്കി പ്രവൃത്തി അടിയന്തരമായി ആരംഭിക്കാൻ നടപടികൾ സ്വീകരിക്കാവുന്നതാണ്. |

| | | | |
|---|---|---|---|
| | മാസത്തിനകം പൂർത്തിയാക്കുന്നതിനും നടപടി സ്വീകരിക്കാമോ? | | |

സെക്ഷൻ ഓഫീസർ